# കേരള സർക്കാർ

## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

നമ്പർ: തീയതി 17/08/2011

G.O.(Rt) No. 1191/2011/H.Edn./Dt.03/08/2011 മുഖേന അംഗീകരിച്ച പ്രോസ്പെക്ട്സ് പ്രകാരം

## ബി.എഡ് പ്രവേശനം 2011 - 12

### വിജ്ഞാപനം

1. ഗവൺമെന്റ്/എയ്ഡഡ്/*സ്വാശ്രയ കോളേജുകളിലേയ്ക്ക് 2011-12 വർഷത്തെ ബി.എഡ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷ സമർപ്പിയ്ക്കേണ്ടത് എൽ ബി എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ ഡയറക്ടർക്കാണ്. പ്രോസ്പെക്ടസ്സ് www.lbskerala.com, www.lbscentre.org എന്നീ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആഗസ്റ്റ് 17 മുതൽ 27 വരെ കേരളത്തിലെ എല്ലാ ഫെഡറൽ ബാങ്കിന്റെ ശാഖകളിലും അപേക്ഷാ ഫീസ് സ്വീകരിക്കുന്നതാണ്. ബാങ്കിൽ നിന്നും ലഭിക്കുന്ന അപേക്ഷാ നമ്പരും, സെക്യൂരിറ്റി കീയും ഉപയോഗിച്ച് അപേക്ഷകർക്ക് ആഗസ്റ്റ് 18 മുതൽ 31 വരെ വ്യക്തിഗത വിവരങ്ങൾ ഓൺ ലൈൻ ആയി www.lbscentre.org/www.lbskerala.com എന്നീ വെബ്സൈറ്റുകളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. അപേക്ഷകൾ ആഗസ്റ്റ് മാസം 31-ാം തീയതി 5 മണിവരെ സ്വീകരിക്കുന്നതാണ്.

സംസ്ഥാന റാങ്ക് ലിസ്റ്റിൽ നിന്നും സ്വാശ്രയ കോളേജുകളിലേയ്ക്കുള്ള അലോട്ടുമെന്റ്, സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ നിലവിലുള്ള റിട്ട് പെറ്റിഷനുകളിലെ(സിവിൽ) വിധികളുടെയും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഉത്തരവുകൾക്കും വിധേയമായിരിക്കും.

**കുറിപ്പ്**:മേൽപറഞ്ഞിരിക്കുന്ന കോളേജുകളിലെ ബി.എഡ്. കോഴ്സിനുള്ള സർക്കാർ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന, പ്രോസ്പെക്ടസ്സ് പ്രകാരം യോഗ്യതയുള്ള, അപേക്ഷാർത്ഥികൾ നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്.

2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**

(i) നേറ്റിവിറ്റി:

(എ) അപേക്ഷകൻ കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം.

(ബി) അപേക്ഷകൻ കേരളത്തിലെ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ/സ്ഥാപനങ്ങളിൽ പത്തു മുതൽ ബിരുദം വരെയുള്ള ക്ലാസുകളിൽ അഞ്ചു വർഷം പഠിച്ചിരിക്കുകയോ, അല്ലെങ്കിൽ, അപേക്ഷകനോ അപേക്ഷകന്റെ മാതാവോ പിതാവോ കേരളത്തിൽ ജനിക്കുകയോ അല്ലെങ്കിൽ, അപേക്ഷകൻ കഴിഞ്ഞ 12 വർഷത്തിനിടയിൽ 5 വർഷം കേരളത്തിൽ താമസിച്ചിരിക്കുകയോ ചെയ്തിട്ടുള്ള പക്ഷം അപേക്ഷകനെ കേരളീയൻ (കേരളൈറ്റ്) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തും.

(ii) **വിദ്യാഭ്യാസ യോഗ്യത:**

(എ) അപേക്ഷകൻ കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നോ, ഈ സർവ്വകലാശാലകൾ തത്തുല്ല്യമായി അംഗീകരിച്ച മറ്റ് സർവ്വകലാശാലകളിൽ നിന്നോ 10+2+3 മാതൃകയിൽ, ഒരു പ്രധാന വിഷയവും രണ്ട് അനുബന്ധ വിഷയങ്ങളും പഠിച്ച് ബി.എ/ബി.എസ്.സി ബിരുദം നേടിയിരിക്കണം.

രണ്ട്/മൂന്ന് പ്രധാന വിഷയങ്ങൾ/വൊക്കേഷണൽ/സ്പെഷ്യലൈസ്ഡ് കോഴ്സുകൾ പഠിച്ച് കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നോ മറ്റ് സർവ്വകലാശാലകളിൽ നിന്നോ വിജയിച്ച ബിരുദധാരികൾക്കും പ്രവേശനത്തിന് അപേക്ഷിക്കാം.

(ബി) വിവിധ ബി.എഡ് കോഴ്സുകളിലേയ്ക്ക് അപേക്ഷിക്കുന്നതിന് ഡിഗ്രി തലത്തിൽ പാർട്ട്-I, പാർട്ട്-II, പാർട്ട്-III എന്നിവയ്ക്ക് മൊത്തമായി 50 ശതമാനം മാർക്കെങ്കിലും നേടിയിരിക്കണം. കോമേഴ്സ്, കമ്പ്യൂട്ടർ സയൻസ് എന്നീ ബി.എഡ് വിഷയങ്ങൾക്ക് അപേക്ഷിക്കുന്നവർ പ്രസ്തുത വിഷയത്തിൽ കുറഞ്ഞത് 50% മാർക്കോടെ ബിരുദാനന്തര ബിരുദം നേടിയിരിക്കണം.

കുറിപ്പ്: യോഗ്യതാപരീക്ഷയിൽ മാർക്ക് ഇളവ്: വാർഷിക കുടുംബ വരുമാനം 4.5 ലക്ഷം രൂപയിൽ താഴെയുള്ള SEBC വിഭാഗക്കാർക്കും OEC വിഭാഗങ്ങൾക്കും യോഗ്യതാപരീക്ഷയിൽ ലഭിച്ച ആകെ മാർക്കിൽ 5 ശതമാനവും ഇളവ് ലഭിക്കുന്നതാണ്. അന്ധ വിദ്യാർത്ഥികൾക്ക് 5% മാർക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. SC/ST വിദ്യാർത്ഥികൾ യോഗ്യതാപരീക്ഷ ജയിച്ചാൽ മതിയാകും.

(iii) **വയസ്സ്**: ബി.എഡ്. കോഴ്സിന് അപേക്ഷിക്കുന്നതിന് ഉയർന്ന പ്രായപരിധി ഇല്ല

3. ബി.എഡ്. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം, യോഗ്യതാപരീക്ഷയിൽ പാർട്ട് III ന് ലഭിച്ച മാർക്ക് കണക്കാക്കി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരെ നിശ്ചിത കോട്ടയിലേയ്ക്ക് പ്രവേശനത്തിനായി തിരഞ്ഞെടുക്കുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറായിരിക്കും. ലക്ഷദ്വീപ്, മാഹി എന്നിവിടങ്ങളിൽ നിന്നുള്ള നോമിനികൾ നിശ്ചിതകോട്ടയിലേയ്ക്കുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഭരണ തലവൻമാർക്ക് സമർപ്പിക്കേണ്ടതാണ്.

അംഗവൈകല്യമുള്ളവർക്കായിട്ടുള്ള ക്വോട്ടയിൽ അപേക്ഷിക്കുന്നവർ 40% എങ്കിലും വൈകല്യമുണ്ടെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. സൈനിക/എക്സ് സർവ്വീസ് ക്വോട്ടയിൽ അപേക്ഷിക്കുന്നവർ ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിയ്ക്കേണ്ടതാണ്. അന്ധ വിദ്യാർത്ഥികൾ വെള്ളകടലാസിലെഴുതിയ അപേക്ഷാഫോറം ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർക്കാണ് സമർപ്പിക്കേണ്ടത്. ഇത്തരക്കാർ എൽ ബി എസ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതില്ല. സ്പോട്സ് ക്വോട്ടയിൽ അപേക്ഷിക്കുന്നവർ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതമുള്ള ഒറിജിനൽ അപേക്ഷ എൽ ബി എസ് ഡറക്ടർക്ക് നൽകുകയും, ഇവയുടെ ഫോട്ടോകോപ്പി സ്പോട്സ് കൗൺസിലിന് അയച്ചുകൊടുക്കേണ്ടതുമാണ്. കന്നട/തമിഴ് ന്യൂനപക്ഷ ക്വോട്ടകൾക്ക് അപേക്ഷിക്കുന്നവരും ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

4. **അപേക്ഷാഫോറം:**

(എ)ഒന്നോ അതിൽ കൂടുതലോ ബി.എഡ് കോഴ്സുകൾക്കായി അപേക്ഷിക്കുന്നവർ പൊതുവായി ഒരു അപേക്ഷ സമർപ്പിച്ചാൽ മതിയാകും.

(ബി)പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അപേക്ഷകരും മറ്റുള്ളവരും പ്രത്യേകം പ്രത്യേകം ഫോറത്തിൽ അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

(സി) **അപേക്ഷാ ഫീസ്** : ജനറൽ വിഭാഗം - 400/- രൂപ

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം -200/- രൂപ

ഫെഡറൽ ബാങ്കിന്റെ കേരളത്തിലെ ഏതെങ്കിലും ഒരു ശാഖയിലാണ് നിശ്ചിത ഫീസ് ഒടുക്കേണ്ടത്

20.06.2008 ലെ GO (MS) നം.25/2005/SCSTDD ഉത്തരവിലെ ക്ലോസ് 2 (ii) പ്രകാരം പ്രോസ്പെക്ടസിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഒരാൾ SC/ST വിഭാഗത്തിൽപ്പെടുന്ന മിശ്രവിവാഹിത ദമ്പതികളുടെ മക്കൾക്ക്, SC/ST വിഭാഗത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള വിദ്യാഭ്യാസ, സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കും. ഇവർ SC/ST വിഭാഗത്തിനുള്ള അപേക്ഷാഫാറത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം റവന്യു അധികാരികളിൽ നിന്നും ലഭിച്ച മിശ്രവിവാഹ സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ്.

3.2 **അപേക്ഷാഫോറങ്ങളുടെ ലഭ്യത:-**

കേരളത്തിലെ ഏതെങ്കിലും ഫെഡറൽ ബാങ്കിന്റെ ശാഖകളിൽ അപേക്ഷാഫീസ് ആയ 400 രൂപ (എസ്.സി/എസ്.റ്റി. വിഭാത്തിന് 200 രൂപ) സമർപ്പിച്ചാൽ അപേക്ഷകർക്ക് ഓൺ ലൈൻ രജിസ്ട്രേഷന് വേണ്ടി അപേക്ഷാ നമ്പരും, സെക്യൂരിറ്റി കീയും ലഭിക്കും. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ നിന്നോ, ബാങ്കിൽ നിന്നോ മറ്റേതെങ്കിലും ഓഫീസിൽനിന്നോ ഫാറങ്ങൾ ലഭിക്കുന്നതല്ല. അപേക്ഷകർ തന്റെ സെക്യൂരിറ്റി കീ യുടെ രഹസ്യ സ്വഭാവം സ്വയം കാത്തു സൂക്ഷിക്കേണ്ടതാണ്. പ്രോസ്പെക്ടസ് www.lbscentre.org & www.lbskerala.com എന്നീ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ബാങ്കിൽ ഫീസ് ഒടുക്കിയ രസീത് എൽ ബി എസ് ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകളിൽ നേരിട്ട് ഹാജരാക്കിയാൽ പ്രോസ്പെക്ടസ് സൗജന്യമായി ലഭിക്കുന്നതാണ്.

3.2.1 അപേക്ഷകളുടെ സമർപ്പണം :-

3.2.1.1 അപേക്ഷയും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പുകളും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ മാർക്ക്ലിസ്റ്റുകളുടെ പകർപ്പ് സഹിതം അയക്കേണ്ട വിലാസം: The Director, LBS Centre for Science & Technology, Extra Police Road, Nandavanam, Palayam, Thiruvananthapuram- 695033. എന്ന വിലാസത്തിൽ ആഗസ്റ്റ് 31 ന് അഞ്ചു മണിയ്ക്കുമുമ്പായി ലഭിച്ചിരിക്കണം.

3.2.1.2 സർവ്വീസ് അപേക്ഷകർ ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷൻ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്.

3.2.1.3 ഓൺ ലൈൻ രജിസ്ട്രേഷന് വേണ്ടി അപേക്ഷകർ www.lbscentre.org or www.lbskerala.com എന്ന വെബ്സൈറ്റ് സന്ദർശിക്കണം. ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിനായി അപേക്ഷകൻ/ അപേക്ഷക തന്റെ രഹസ്യ കോഡും(Security key) അപേക്ഷ നമ്പറും, പാസ്പോർട്ട് സൈസ് ഫോട്ടോയുടെ സോഫ്റ്റ് കോപ്പി (JPEG Format, size 20Kb യിൽ കൂടാത്തത്) കൈവശം ഉണ്ടാകണം. വെബ്സൈറ്റ് "Admission to B.Ed. Course 2011" എന്ന സൂചകത്തിൽ (Link) ക്ലിക്ക് ചെയ്യണം. അപേക്ഷാ നമ്പറും രഹസ്യകോഡും നൽകി വെബ് സൈറ്റിലേയ്ക്ക് പ്രവേശിക്കണം. അതിന് ശേഷം അപേക്ഷകൻ/ അപേക്ഷക ഒരു പാസ്വേഡ് ഉണ്ടാക്കേണ്ടതാണ്. അപേക്ഷകർ പാസ്പോർട്ട് സൈസ് ഫോട്ടോയുടെ സോഫ്റ്റ് കോപ്പി അപ്ലോഡ് ചെയ്ത് വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തി 'SAVE' ചെയ്യണം. ഓൺ ലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കുമ്പോൾ കംപ്യൂട്ടറിൽ നിന്ന് ഒരു രജിസ്ട്രേഷൻ ഐഡി (Registration ID) ലഭിക്കുന്നതാണ്. വ്യക്തിഗത വിവരങ്ങൾ ഓൺ ലൈൻ ആയി രജിസ്റ്റർ ചെയ്തതിനു ശേഷം പ്രിന്റ് ചെയ്യുന്നതിനുള്ള ഓപ്ഷൻ വെബ്സൈറ്റിൽ ലഭിക്കും. ഈ പ്രിന്റൗട്ട് (Hard Copy) അപേക്ഷയായി പരിഗണിക്കും. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകളുടെ ഫോറങ്ങൾ (ജനനം, ജാതി, വരുമാനം, നേറ്റിവിറ്റി) ഈ പ്രിന്റൗട്ടിനോടൊപ്പം ലഭിക്കും. അപേക്ഷ ഫോറം, S.S.L.C കോഴ്സ് സർട്ടിഫിക്കറ്റിന്റെയും, മറ്റ് സർട്ടിഫിക്കറ്റുകളും സഹിതം എൽ ബി എസ് സെന്ററിന്റെ ഹെഡ്ഡ് ഓഫീസിലേക്ക് സമയബന്ധിതമായി തപാലിൽ അയക്കുക.

5. **വൈകി ലഭിക്കുന്ന അപേക്ഷകൾ**: വൈകി ലഭിക്കുന്ന അപേക്ഷകൾ നിരാകരിക്കുന്നതാണ്. ആയതിനാൽ പൂരിപ്പിച്ച അപേക്ഷാഫോറങ്ങൾ എത്രയും നേരത്തെ ബി.എഡ്. അപേക്ഷ സ്വീകരണ കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്.

6. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തുവാനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങളോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല.

7. നിശ്ചിത ഫോറത്തിൽ ലഭ്യമാക്കണമെന്ന് പ്രോസ്പെക്ടസ്സിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ അപേക്ഷാഫോറത്തിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

8. അപൂർണ്ണമായതോ, തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇതു സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

9. സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായിട്ടാണ് എൽ ബി എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി ഡയറക്ടർ അലോട്ടുമെന്റ് നടത്തുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് പ്രോസ്പെക്ടസ്സിലെ വിവിധ വ്യവസ്ഥകൾ അപേക്ഷാർത്ഥികൾ വായിച്ചു മനസ്സിലാക്കേണ്ടതാണ്.

തിരുവനന്തപുരം
17/08/2011

ഒപ്പ് 17/8/11

for കോളേജ് വിദ്യാഭ്യാസ ഡയറക്ടർ